"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - വ്യവസായവും വാണിജ്യവും - ജീവനക്കാര്യം - ശ്രീ. അനസ് മുഹമ്മദ്, ഓഫീസ് അറ്റൻഡന്റ്, വ്യവസായ വാണിജ്യ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - തൊടുപുഴ താലൂക്ക് വ്യവസായ ഓഫീസിലേയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.613/2025/ID തീയതി,തിരുവനന്തപുരം, 29-05-2025

---

പരാമർശം:-
1. ശ്രീ. അനസ് മുഹമ്മദ് ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ സമർപ്പിച്ച പരാതി. (ഗ്രീവൻസ് നം. IN 1250200065)
2. വ്യവസായ വാണിജ്യ ഡയറക്ടറുടെ 05/03/2025-ലെ ഡിഐസി/909/2025-ഇഎ4 നമ്പർ കത്ത്

**ഉത്തരവ്**

കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന വ്യവസായ വാണിജ്യ ഡയറക്ടറുടെ കാര്യാലയത്തിൽ ആസ്ഥാന ഒഴിവിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം ലഭിച്ച ഇടുക്കി തൊടുപുഴ സ്വദേശിയായ ശ്രീ. അനസ് മുഹമ്മദ്, 13 വർഷങ്ങൾക്ക് മുമ്പ് ട്യൂമർ ബാധിച്ച് തന്റെ 90% കാഴ്ചയും നഷ്ടപ്പെട്ടുവെന്നും പരസഹായമില്ലാതെ തനിക്ക് ജോലികൾ ചെയ്യുവാനാകില്ല എന്നും തന്റെ സഹായത്തിനായി പിതാവും തിരുവനന്തപുരത്ത് തുടരുന്നത് ഭാരിച്ച സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നു എന്നും കൂടാതെ തന്റെ തുടർ ചികിത്സകൾ നടക്കുന്നത് തൊടുപുഴയിലെ ആശുപത്രിയിലും ആകയാൽ അനുകമ്പാർദ്രമായ സാഹചര്യം പരിഗണിച്ച് തനിക്ക് വീടിന് സമീപത്തുള്ള തൊടുപുഴ താലൂക്ക് വ്യവസായ ഓഫീസിലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം ശ്രീ. അനസ് മുഹമ്മദ് ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ അപേക്ഷിച്ചിരുന്നു. പ്രസ്തുത വിഷയത്തിൽ വ്യവസായ വാണിജ്യ ഡയറക്ടർ പരാമർശം (2) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ താലൂക്ക് വ്യവസായ കേന്ദ്രത്തിൽ ഒരു ഓഫീസ് അറ്റൻഡന്റ് തസ്തിക മാത്രമാണ് ഉള്ളതെന്നും ട്രഷറി ഡ്യൂട്ടി ഉൾപ്പെടെ സുപ്രധാന ജോലികൾ നിർവ്വഹിക്കുവാൻ ശ്രീ. അനസ് മുഹമ്മദിന് പ്രയാസം നേരിടുമെന്നും ആകയാൽ ടി ഓഫീസിൽ നിലവിൽ ജോലി ചെയ്യുന്ന ഓഫീസ് അറ്റൻഡന്റിനെ മാറ്റി കാഴ്ചാ പരിമിധിയുള്ള അനസ് മുഹമ്മദിനെ നിയമിക്കുന്നത് ഓഫീസ് പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ടിയാന് തൊടുപുഴ താലൂക്ക് വ്യവസായ കേന്ദ്രത്തിലേയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റ് അനുവദിക്കണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. അപേക്ഷകനായ ശ്രീ. അനസ് മുഹമ്മദിന്റെ നിലവിലെ രോഗാവസ്ഥയും കുടുംബ സാഹചര്യങ്ങളും കണക്കിലെടുത്ത് അനുകമ്പാർദ്രമായ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ നിലവിലുള്ള വ്യവസ്ഥയിൽ ഇളവ് വരുത്തി അപേക്ഷകനെ തൊടുപുഴ താലൂക്ക് വ്യവസായ ഓഫീസിൽ വർക്കിംഗ് അറേഞ്ച്മെന്റ്

വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് നിയമനം അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ. അനസ് മുഹമ്മദ് (വ്യവസായ വാണിജ്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, ഇടുക്കി
ജില്ലാ ട്രഷറി ഓഫീസർ, ഇടുക്കി
ഉപജില്ലാ വ്യവസായ ഓഫീസർ, താലൂക്ക് വ്യവസായ ഓഫീസ്, തൊടുപുഴ
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sachin V R
Date: 29-05-2025 13:17:47
സെക്ഷൻ ഓഫീസർ